# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

## സമഗ്ര തീരദേശ വികസന പദ്ധതി

**4879**

ശ്രീ. കെ. ശിവദാസൻ നായർ
,, പാലോട് രവി
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയിൽ സമഗ്ര തീരദേശ വികസനത്തിനായുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>വനിതാ മത്സ്യത്തൊഴിലാളി ശാക്തീകരണം</u>

4880 ശ്രീ. ഷാഫി പറമ്പിൽ
,, എം. എ. വാഹീദ്
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി 'സാഫ്' എന്ന ഏജൻസി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ ഏജൻസിയുടെ പ്രവർത്തന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സാഫിന്റെ പ്രവർത്തന ഫലമായി പ്രസ്തുത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സമൂഹത്തിലെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി സാഫ് എന്തെങ്കിലും പുതിയ പദ്ധതികൾക്ക് രൂപം നൽകുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മത്സ്യത്തൊഴിലാളി സുരക്ഷയിൽ**
**ഏജൻസികളുടെ ഏകോപനം**

4881 ശ്രീ. വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കടലിൽ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) മത്സ്യബന്ധനയാനങ്ങളിൽ വിവര വിനിമയത്തിനും ദിശാനിർണ്ണയത്തിനുമുള്ള ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന നിബന്ധനകൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഫിഷറീസ് വകുപ്പ് സൗജന്യമായി വിതരണം ചെയ്യുന്ന ബീക്കൺ ലൈറ്റുകൾ മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കണമെന്ന നിർദ്ദേശം കർശനമായി നടപ്പാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികളുടെയും മത്സ്യബന്ധനയാനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**ആലപ്പുഴ തുറമുഖ പുനരുദ്ധാരണം**

**4882** **ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ തുറമുഖത്തിന്റെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) തുറമുഖ വകുപ്പിന്റെ സ്ഥാപനങ്ങളും അനുബന്ധ സ്ഥാപനങ്ങളും സംരക്ഷിക്കാനും, നവീകരിക്കാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ബേപ്പൂർ തുറമുഖ വികസന പദ്ധതി**

4883 **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖ വികസനത്തിനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ;

(ബി) വികസന പദ്ധതിയുടെ പ്രവൃത്തി എപ്പോൾ തുടങ്ങാനാകും;

(സി) പ്രസ്തുത വികസനത്തിനായി എത്രകോടി രൂപയുടെ പദ്ധതിയാണ് പരിഗണനയിലുള്ളത് ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

### പുതിയാപ്പ ഹാർബർ നവീകരണം

**4884 ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹാർബർ നവീകരണത്തിന്റെ രണ്ടാം ഘട്ടപ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ മറുപടി ലഭിച്ചിട്ടുണ്ടോ; വിശദ വിവരം നൽകുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ബോട്ടുനിർമ്മാണ യാർഡുകൾക്ക് രജിസ്ട്രേഷൻ**

**4885 ശ്രീ. ഇ.കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബോട്ടുനിർമ്മാണ യാർഡുകൾക്ക് രജിസ്ട്രേഷൻ സമ്പ്രദായം ഇല്ലാത്തതുമൂലം ആർക്കും യാർഡുണ്ടാക്കി ബോട്ടുനിർമ്മാണം നടത്താം എന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ;

(ബി) യാർഡുകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കാൻ ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അന്യസംസ്ഥാനക്കാർ കേരളത്തിൽ ബോട്ടുനിർമ്മാണം നടത്തുന്നത് മത്സ്യബന്ധന മേഖലയിൽ ആശങ്കയുണ്ടാക്കുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം ബോട്ടുനിർമ്മാണ സംഘങ്ങളെക്കുറിച്ചും അവരുടെ സാമ്പത്തിക ഉറവിടത്തെക്കുറിച്ചും അന്വേഷിച്ച് ഇതുവരെയായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>തീരദേശ വികസന അതോറിറ്റി</u>**

4886 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **തീരദേശ വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ;**

(ബി) **തീരദേശ വികസന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ:**

(സി) **കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പ്രസ്തുത അതോറിറ്റി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?**

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മത്സ്യബന്ധന വകുപ്പിലെ കേന്ദ്രാവിഷ്കൃത - സംസ്ഥാനാവിഷ്കൃത പദ്ധതികൾ**

**4887** **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തിൽ മത്സ്യബന്ധന വകുപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതി ഇനത്തിലും സംസ്ഥാന ആവിഷ്കൃത പദ്ധതി ഇനത്തിലും പ്ലാൻ-നോൺ പ്ലാൻ വിഭാഗത്തിലും ഓരോ ഹെഡിലും നീക്കി വച്ച തുക എത്രയെന്നും ആയതിന്റെ പ്രസ്തുത വർഷത്തിൽ ഉണ്ടായ ഓരോ ഹെഡ്ഡിലെ ചെലവും ലഭ്യമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രധാനമായും നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളേതൊക്കെയെന്ന് വിവരിക്കുമോ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**നാട്ടികയിൽ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ**

**4888**

**ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ഈ സർക്കാർ അധികാരമേറ്റ ശേഷം നാട്ടിക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിനു കീഴിൽ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദവിവരം നൽകുമോ ?**

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**കൊയിലാണ്ടിയിലെ കേരള കോസ്റ്റൽ ഏരിയ വികസന പദ്ധതികൾ**

**4889 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

**കേരള കോസ്റ്റൽ ഏരിയ വികസന കോർപ്പറേഷന്റെ ചുമതലയിൽ കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാം; വെളിപ്പെടുത്തുമോ?**

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>സാമൂഹ്യ മത്സ്യകൃഷി പദ്ധതി</u>**

4890 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ജലസംഭരണികളിൽ മത്സ്യം വളർത്തുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സാമൂഹ്യ മത്സ്യകൃഷി പദ്ധതിയുടെ പ്രവർത്തനം ജില്ലയിൽ വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ജില്ലയിലെ മത്സ്യകൃഷി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഫിഷ് ഹാച്ചറി യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

## ബേപ്പൂര്‍ മത്സ്യഗ്രാമം പദ്ധതി

4891 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ബേപ്പൂര്‍ മത്സ്യഗ്രാമം പദ്ധതി നടപ്പാക്കാന്‍ എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം, ബേപ്പൂര്‍ മത്സ്യഗ്രാമത്തിനായി ഒന്നാം ഘട്ടത്തില്‍ എത്ര തുക ചെലവഴിക്കാനാണുദ്ദേശിക്കുന്നത്;

(സി) മത്സ്യഗ്രാമ പദ്ധതിപ്രകാരം നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കൊടുവള്ളി മത്സ്യഗ്രാമം പദ്ധതി**

**4892 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത് ;

(സി) കൊടുവള്ളി മണ്ഡലത്തിലെ ഏതെങ്കിലും ഗ്രാമപഞ്ചായത്തിനെ മത്സ്യഗ്രാമം പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പുനലൂരിൽ മാതൃകാമത്സ്യഗ്രാമ പദ്ധതി**

**4893 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

**പുനലൂർ മണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണ് മാതൃകാമത്സ്യഗ്രാമ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മാതൃകാമത്സ്യഗ്രാമം പദ്ധതിയിൽ തങ്കശ്ശേരിയെ ഉൾപ്പെടുത്തുന്ന നടപടി**

4894 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തങ്കശ്ശേരിയെ മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>മത്സ്യഭവനുകളുടെ പ്രവര്‍ത്തനം</u>

4895 **ശ്രീ. കോടിയേരി ബാലകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മത്സ്യഭവനുകളുടെ ഇന്നത്തെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കില്‍ വിശദമാക്കാമോ ;

(ബി) സ്വന്തമായി കെട്ടിടമോ ആവശ്യത്തിന് ഉദ്യോഗസ്ഥരോ ഇല്ലാത്ത കാരണത്താല്‍ മത്സ്യഭവനുകളുടെ പ്രവര്‍ത്തനം കാര്യക്ഷമമാകുന്നില്ലായെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>മത്സ്യഭവനുകളുടെ പ്രവര്‍ത്തനം</u>

4896 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിലവില്‍ എത്ര മത്സ്യഭവനുകള്‍ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവില്‍ പ്രസ്തുത മത്സ്യഭവനുകളുടെ ചുമതല വഹിക്കുന്നത് ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥരാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് 100 മത്സ്യഭവന്‍ ഓഫീസര്‍ തസ്തിക സൃഷ്ടിക്കാനുള്ള നടപടികള്‍ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സര്‍വ്വീസിലുള്ള ഉദ്യോഗസ്ഥരെ പ്രമോഷന്‍വഴി മത്സ്യഭവന്‍ ഓഫീസര്‍മാരായി നിയമിക്കുന്നതിനുള്ള നിര്‍ദ്ദേശം നിലവിലുണ്ടോ;

(ഇ) എങ്കില്‍ അപ്രകാരം പ്രമോഷന്‍ നല്‍കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കര്‍ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) 100 മത്സ്യഭവന്‍ ഓഫീസര്‍ തസ്തികകള്‍ സൃഷ്ടിക്കാനുള്ള നടപടികള്‍ എന്ന് സ്വീകരിക്കാന്‍ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

**<u>മത്സ്യഭവനുകളുടെ നിർമ്മാണവും പ്രവർത്തനവും</u>**

**4897** **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മത്സ്യഭവനുകൾ ഇല്ലാത്ത തീരദേശ പഞ്ചായത്തുകളിൽ മത്സ്യഭവൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മത്സ്യഭവൻ പ്രവർത്തനം ശരിയായ രീതിയിൽ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; എങ്കിൽ ഏത് ഉദ്യോഗസ്ഥനെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) മത്സ്യഭവനുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മത്സ്യതൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ**

**4898 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഐ. ഒ. സി.യിൽ നിന്ന് കമ്പോള വിലയ്ക്ക് മണ്ണെണ്ണ വാങ്ങി ലിറ്ററിന് 20 രൂപാ നിരക്കിൽ സബ്സിഡി നല്കി കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ മുൻ സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശം നടപ്പിലാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

**മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ്**

**4899 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും എന്താണെന്ന് വിശദമാക്കാമോ;

(ബി) പെർമിറ്റ് പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ലഭിക്കുന്ന മണ്ണെണ്ണയുടെ വില എത്രയാണെന്ന് വിശദമാക്കുമോ;

(സി) മത്സ്യബന്ധന ബോട്ടുകൾക്ക് നൽകുന്ന മണ്ണെണ്ണ പെർമിറ്റ് കരിഞ്ചന്തക്കാർ വൻതോതിൽ കൈവശപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>മണ്ണെണ്ണ ആവശ്യമുള്ള മത്സ്യത്തൊഴിലാളികളുടെ സെൻസസ്</u>**

**4900 ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ ആവശ്യമുള്ള മത്സ്യത്തൊഴിലാളികളുടെ സെൻസസ് ശേഖരിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന കേന്ദ്രമന്ത്രി ശ്രീ. കെ. വി. തോമസിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതേത്തുടർന്ന് സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ആലപ്പുഴ ജില്ലയിലെ മത്സ്യത്തൊഴിലാളി വിധവാ പെൻഷൻ**

4901 **ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വിവിധ ഓഫീസുകളിലായി മത്സ്യത്തൊഴിലാളികളുടെ വിധവകൾക്കുള്ള പെൻഷൻ അപേക്ഷകളിൽ എത്രയെണ്ണം തീർപ്പുകൽപ്പിക്കാതെയുണ്ട്;

(ബി) നിസാര കാരണങ്ങളാൽ വർഷങ്ങളായി പ്രസ്തുത അപേക്ഷകളിൽ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥരുടെ മേൽ വകുപ്പ്തല നടപടികൾക്ക് ശുപാർശ ചെയ്യുമോ;

(സി) തീർപ്പുകൽപ്പിക്കാത്ത അപേക്ഷകളുടെ മേൽ അടിയന്തിര നടപടി സ്വീകരിച്ച് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമം**

4902 ശ്രീ. ഇ. പി. ജയരാജൻ
,, എസ്. ശർമ്മ
,, കെ. വി. അബ്ദുൾ ഖാദർ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് കേരളത്തിൽ എവിടെയെല്ലാമാണ് മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ നിർമ്മിക്കുന്നത്; ഓരോന്നിനും എത്ര തുക വീതമാണ് ചെലവഴിക്കുന്നത്; ഇതുവഴി എത്ര മത്സ്യത്തൊഴിലാളികൾക്ക് ഭവനങ്ങൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമത്തിൽ വീടുകൾക്ക് പുറമേ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ലഭ്യമാക്കുന്നത്;

(സി) പുതുതായി നിർമ്മിക്കപ്പെടുന്ന മാതൃകാഗ്രാമങ്ങളിൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ പരിപാലിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേനയുള്ള ആനുകൂല്യങ്ങൾ**

4903 **ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ വഴി എത്ര തുക ആനുകൂല്യം മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ രീതിയിൽ കമ്മീഷൻ അനുവദിച്ച സഹായങ്ങൾ ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിനുള്ള കാരണം എന്താണെന്നും ആനുകൂല്യങ്ങൾ ഉടനെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി</u>**

4904 **ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപ ചെലവഴിച്ചു;

(ബി) പ്രസ്തുതയിനത്തിൽ കോഴിക്കോട് ജില്ലക്ക് അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി പ്രകാരം വിതരണം ചെയ്യാനുള്ള തുകയിൽ ബാക്കിയുണ്ടോ ; എങ്കിൽ പ്രസ്തുത തുക എത്രയാണ് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ട്രോളിംഗ് നിരോധന കാലയളവിലെ ആനുകൂല്യങ്ങൾ**

**4905**

**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾ തൊഴിൽ രഹിതരാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(സി) ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുളള പരിപാടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

**കേരള നിയമസഭ**

**04.07.2012 -ലെ മറുപടിക്ക്**

**നാടൻ വള്ളങ്ങളുടെയും ഔട്ട് ബോർഡ് എൻജിനുകളുടെയും നവീകരണം**

4906 ശ്രീ. വി.ഡി. സതീശൻ

'' പി.സി. വിഷ്ണുനാഥ്

'' തേറമ്പിൽ രാമകൃഷ്ണൻ

'' എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടൻ വള്ളങ്ങളുടെ നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം മൽസ്യഫെഡ് ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പരമ്പരാഗത മേഖലയിൽ മൽസ്യബന്ധനത്തിനായി ഉപയോഗി ക്കുന്ന ഔട്ട് ബോർഡ് എൻജിനുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഔട്ട് ബോർഡ് എൻജിനുകൾ പരമാവധി 3 വർഷത്തിലൊരിക്കൽ മാറ്റി പുതിയവ ഉപയോഗിക്കേണ്ടിവരുന്ന സാഹചര്യത്തിൽ മൽസ്യത്തൊഴിലാളികൾക്ക് സബ്സിഡിയിനത്തിൽ നൽകുന്ന തുക വർദ്ധിപ്പിക്കാൻ സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) നാടൻ വള്ളങ്ങളുടെ നവീകരണത്തിന് കേന്ദ്രസഹായം ലഭ്യമാണോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>മണൽ ചൂഷണം</u>**

4907

**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എത്ര കടവുകളിൽ നിന്നും മണൽ എടുക്കാൻ പോർട്ട് കൺസർവേറ്റർ മുഖേന അനുമതി നൽകിയിട്ടുണ്ടെന്ന് പ്രദേശം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ വ്യാപകമായ മണൽ ചൂഷണം മൂലം കരയിടിച്ചിൽ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**തെക്കെക്കാട്, ഇടയിലക്കാട്, മാടക്കാൽ ബണ്ടുസംരക്ഷണം**

4908 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

**കാസറഗോഡ് ജില്ലയിലെ തീരദേശ വില്ലേജുകളിൽ ഉൾപ്പെടുന്ന തെക്കെക്കാട്, ഇടയിലക്കാട്, മാടക്കാൽ എന്നിവിടങ്ങളിലെ ബണ്ടുകൾ സംരക്ഷിക്കുന്നതിനും, കെട്ടികിടക്കുന്ന ഓരുജലം ഒഴുക്കിവിടുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>മഞ്ചേശ്വരം മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പ്രവൃത്തികൾ</u>**

4909 **ശ്രീ. പി. ബി. അബ്ദുൽ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മഞ്ചേശ്വരം മണ്ഡലത്തിലെ എത്ര തീരദേശ റോഡുകളുടെ പ്രവൃത്തികൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്ന് റോഡുകളുടെ പേരുകൾ സഹിതം വ്യക്തമാക്കുമോ ;

(ബി) പിന്നോക്ക പ്രദേശമെന്ന പരിഗണന നൽകി ഗതാഗത യോഗ്യമല്ലാതായി കിടക്കുന്ന ധാരാളം റോഡുകളുള്ള മഞ്ചേശ്വരം മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പ്രവൃത്തികൾക്കായി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മഞ്ചേശ്വരം മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്**

4910 **ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മീഞ്ച ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്ന തുറമുഖ വകുപ്പിന്റെ അധീനതയിലുളള കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) മഞ്ചേശ്വരം മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനുളള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനം സ്വന്തം സ്ഥലത്ത് ആരംഭിക്കുന്നതിന് സമയബന്ധിതമായി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ആറ്റിങ്ങലിലെ തീരദേശ റോഡുകളുടെ നവീകരണം**

4911 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയിൽപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയ പ്രവൃത്തികളിൽ ആറ്റിങ്ങൽ മണ്ഡലത്തിലുൾപ്പെടുന്നത് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഏത് ഏജൻസികളാണ് മേൽനോട്ടം വഹിക്കുന്നത്?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഓലക്കാൽ കടവ് പാലം**

4912 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളിമേഖലകളായ മാടായി ഗ്രാമപഞ്ചായത്തിലെ ചൂട്ടാടിനെയും രാമന്താളി ഗ്രാമപഞ്ചായത്തിലെ ഓലക്കടവിനെയും ബന്ധിപ്പിക്കുന്ന ഓലക്കാൽ കടവിൽ പാലം നിർമ്മിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കാനാവശ്യമായ നടപടിസ്വീകരിക്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>തവന്നൂരിലെ നായർതോട് പാലം നിർമ്മാണം</u>

**4913** **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തവന്നൂർ മണ്ഡലത്തിൽപ്പെട്ട പുറത്തൂർ പഞ്ചായത്തിലെ നായർതോട് പാലം നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പു വർഷത്തെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കൊയിലാണ്ടി റീജണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിന്റെ വികസന പദ്ധതി**

**4914** **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**കൊയിലാണ്ടി റീജണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളിന്റെ ഭൗതിക സൗകര്യവികസനത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം എന്നും ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും വ്യക്തമാക്കാമോ ?**

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>മാപ്പിളബേയിലെ ക്വാർട്ടേഴ്സുകൾ</u>

**4915 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മാപ്പിളബേയിൽ ജീവനക്കാർക്കായി നിർമ്മിച്ച ക്വാർട്ടേഴ്സുകൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദവിവരം ലഭ്യമാക്കുമോ ?

**കേരള നിയമസഭ**

**04.07.2012 -ലെ മറുപടിക്ക്**

**<u>മത്സ്യഫെഡിന്റെ പത്തനംതിട്ട ജില്ലാ ഓഫീസ്</u>**

**4916 ശ്രീ. മാത്യൂ റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **തിരുവല്ല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മത്സ്യഫെഡിന്റെ പത്തനംതിട്ട ജില്ലാ ഓഫീസ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;**

(ബി) **എങ്കിൽ അപ്പർ കുട്ടനാട്ടിലെ മത്സ്യത്തൊഴിലാളികളുടെ ആശ്രയമായ പ്രസ്തുത സ്ഥാപനം നിർത്തലാക്കുവാനുള്ള നടപടി പുന:പരിശോധിക്കുമോയെന്നു വ്യക്തമാക്കുമോ?**

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**അമ്പലപ്പുഴ ഫിഷറീസ് ഓഫീസ്**

**4917 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഫിഷറീസ് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫിഷറീസ് ഓഫീസിന് ആവശ്യമായ കെട്ടിടം നിർമ്മിച്ചിട്ടും തുറന്നു പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓഫീസ്തുറന്നു പ്രവർത്തിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) ഫിഷറീസ് ഓഫീസിനായി എത്ര തുകയാണ് പ്രതി മാസം വാടകയിനത്തിൽ നൽകുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**മത്സ്യവിൽപനയിലൂടെ ലഭിയ്ക്കുന്ന വരുമാനം**

**4918**

**ശ്രീ. ജോസ് തെറ്റയിൽ**
**,, സി. കെ. നാണു**
**,, മാത്യു റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിൽ മത്സ്യവില്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ ഭൂരിഭാഗവും മത്സ്യത്തൊഴിലാളികൾക്കു തന്നെ ലഭിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) മത്സ്യത്തൊഴിലാളി മേഖലയിൽ സഹകരണ അടിസ്ഥാനത്തിൽ ഐസ് പ്ലാന്റ് സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ സബ്സിഡി നിരക്കിൽ നൽകുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര രൂപയാണ് ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് ഈടാക്കുന്നത്;

(ഇ) മത്സ്യത്തൊഴിലാളികൾ തൊഴിലിൽ ഏർപ്പെടുന്ന സമയത്ത് മരണപ്പെട്ടാൽ അവരുടെ കുടുംബത്തിന് ഏതെല്ലാം തരത്തിലുള്ള സർക്കാർ സഹായമാണ് നൽകുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>കണ്ടൽക്കാടുകൾക്കുള്ള പ്രാധാന്യം</u>

4919 ശ്രീ. പി. കെ. ബഷീർ
,, എൻ. ഷംസുദ്ദീൻ
,, കെ. എൻ. എ. ഖാദർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധനയ്ക്കായി ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) അഴിമുഖങ്ങളിലും, തീരങ്ങളിലും ചെമ്മീൻ വിത്തുകൾ നിക്ഷേപിച്ച് വിഭവ വർദ്ധന വരുത്തുന്ന പദ്ധതിപ്രകാരം ഇതുവരെ നടത്തിയ പ്രവർത്തനങ്ങളും അതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങളും വിശദമാക്കുമോ;

(സി) മത്സ്യസമ്പത്തിന്റെ വംശവർദ്ധനയിലും, വിഭവ വർദ്ധനയിലും കണ്ടൽക്കാടുകൾക്കുള്ള പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി അനുയോജ്യ കടൽത്തീരം, കായലോരങ്ങൾ, അഴിമുഖം എന്നിവിടങ്ങളിൽ കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുന്ന ഏതെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നല്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സംയോജിത മത്സ്യവികസന പദ്ധതി**

4920 ശ്രീ. സണ്ണി ജോസഫ്
,, കെ. മുരളീധരൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംയോജിത മത്സ്യവികസന പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് ഏതെങ്കിലും ഏജൻസികളുടെ പങ്കാളിത്തം ലഭ്യമാണോ ; എത്ര ശതമാനം ധനസഹായം ഇവരിൽ നിന്ന് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുക വഴി തീരദേശ മേഖലയിലെ ജീവിത സാഹചര്യം മെച്ചപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മത്സ്യകർഷക ക്ലബ്ബുകൾക്കുള്ള ധനസഹായം**

4921 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മത്സ്യകർഷക ക്ലബ്ബിന്റെ മാർഗ്ഗരേഖകൾ എന്തെല്ലാമാണ്;

(ബി) മത്സ്യകർഷക ക്ലബ്ബുകൾക്ക് ഏതെല്ലാം തരത്തിലുള്ള ധനസഹായമാണ് സർക്കാർ നൽകാനുദ്ദേശിക്കുന്നത്;

(സി) ഇതിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>മദ്യം വാങ്ങുന്നതിന് പ്രായപരിധി</u>

4922 ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വിദേശമദ്യ ഷോപ്പുകളില്‍ നിന്നും വിദേശ മദ്യം വാങ്ങുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കില്‍ പ്രായപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂള്‍ കുട്ടികള്‍ സ്കൂള്‍ യൂണിഫോമില്‍ വിദേശ മദ്യ ഔട്ട്ലറ്റുകള്‍ക്ക് മുന്നില്‍ ക്യൂ നിന്ന് മദ്യം വാങ്ങുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) കുട്ടികള്‍ക്ക് മദ്യം നല്‍കുന്നത് ഒഴിവാക്കുന്നതിനായി പ്രായ പരിധി കര്‍ശനമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**യുവാക്കളിലും കുട്ടികളിലും വ്യാപകമായിക്കൊണ്ടിരിക്കുന്ന മദ്യപാനശീലം**

**4923 ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവാക്കളിലും കുട്ടികളിലും വ്യാപകമായിക്കൊണ്ടിരിക്കുന്ന മദ്യപാനശീലം ഒഴിവാക്കുന്നതിനായി എന്തെങ്കിലും പരിപാടികൾ എക്സൈസ് വകുപ്പ് സംഘടിപ്പിക്കുന്നുണ്ടോ;

(ബി) ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽ നിന്നും മദ്യം വാങ്ങുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) പ്രസ്തുത വ്യവസ്ഥ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) വിദ്യാലയങ്ങളിലും സർക്കാർ ഓഫീസുകളിലും മദ്യവിരുദ്ധ ബോധവത്ക്കരണ പരിപാടികൾ നടത്താറുണ്ടോ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ബാർ/മദ്യശാലകൾക്ക് ലൈസൻസ് നല്കാനുള്ള അധികാരം**

**4924** **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബാർ/മദ്യശാലകൾക്ക് ലൈസൻസ് നല്കുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നല്കിയശേഷം എത്ര ബാർ/മദ്യശാലകൾക്ക് ലൈസൻസ് നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ലൈസൻസ് നല്കിയ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പേര് വ്യക്തമാക്കുമോ ;

(സി) ബാർ/മദ്യശാലകൾക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ഇതുവരെ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത അപേക്ഷകൾ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരം അപേക്ഷകൾ നിരസിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ് നിരസിച്ചതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ

## 04.07.2012 -ലെ മറുപടിക്ക്

**<u>അനധികൃതമായ ബാർ ലൈസൻസ് പുതുക്കൽ</u>**

4925

**ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബാർ ലൈസൻസ് റദ്ദാക്കണമെന്ന് ജോയിന്റ് എക്സൈസ് കമ്മീഷണർ ശുപാർശ ചെയ്തിട്ടും പ്രസ്തുത ബാർ ലൈസൻസ് പുതുക്കി നൽകി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഹോട്ടലിനാണ് ഇപ്രകാരം ലൈസൻസ് പുതുക്കി നൽകിയത്;

(സി) പ്രസ്തുത സംഭവത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>കള്ളുഷാപ്പ് ലൈസന്‍സ്</u>

4926 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കളളുഷാപ്പുകള്‍ക്ക് ലൈസന്‍സ് നല്‍കുന്നതിനുളള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏല്‍പ്പിക്കുവാന്‍ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം നല്‍കാമോ ;

(ബി) കളള് ഷാപ്പുകള്‍ അനുവദിക്കുന്നത് സംബന്ധിച്ച് നയം രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശം നല്‍കാമോ ;

(സി) ഷാപ്പുകള്‍ക്ക് ലൈസന്‍സ് ലഭിക്കാത്ത പ്രദേശങ്ങളിലെ മദ്യാസക്തിയുളളവര്‍ തൊട്ടടുത്ത പ്രദേശത്തെ ലൈസന്‍സുളള കളള് ഷാപ്പുകളിലേക്ക് എത്തുന്നത് തടയാന്‍ ചെക്ക്പോസ്റ്റുകള്‍ ഏര്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ വിശദീകരിക്കാമോ ;

(ഡി) അത്തരം ചെക്ക് പോസ്റ്റുകളില്‍ ബ്രെത്ത് അനലൈസര്‍ സ്ഥാപിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>നക്ഷത്ര ഹോട്ടലുകൾക്ക് ബാർ ലൈസൻസ്</u>

4927 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ
'' ബാബു എം. പാലശ്ശേരി
'' സി. കൃഷ്ണൻ
'' കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് നക്ഷത്രപദവി നൽകിയ ഹോട്ടലുകൾക്ക് ബാർലൈസൻസ് നൽകാൻ എക്സൈസ് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ടൂറിസംവകുപ്പ് നക്ഷത്ര പദവി നല്കിയ എത്ര ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുകയുണ്ടായി ;

(സി) ഇപ്പോൾ എക്സൈസ് വകുപ്പിന്റെ പരിഗണനയിൽ എത്ര അപേക്ഷകൾ ഉണ്ട് ;

(ഡി) ഈ സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി ഹോട്ടലുകൾക്ക് നക്ഷത്ര പദവി നൽകുന്നതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ അഴിമതി ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ ; അതിന്റെ പേരിൽ സി.ബി.ഐ. പിടികൂടിയ കേസുകൾ എത്രയാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>മദ്യവിൽപനയും സർക്കാർ വരുമാനവും</u>

4928 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ മദ്യപൻമാരുടെ എണ്ണത്തിൽ കേരളത്തിന് എത്രാമത്തെ സ്ഥാനമാണുള്ളത്;

(ബി) ആളോഹരി എത്ര ലിറ്റർ മദ്യമാണ് കേരളത്തിൽ ഇപ്പോൾ ഉപയോഗിക്കുന്നത്;

(സി) കഴിഞ്ഞ വർഷം എത്ര കെയ്സ് മദ്യമാണ് വിൽപന നടത്തിയത്; ഒരു കെയ്സിൽ എത്ര കുപ്പി വീതമാണുള്ളത്; എത്ര കോടി രൂപയുടെ മദ്യം വിറ്റഴിക്കപ്പെട്ടു; വിശദമാക്കുമോ;

(ഡി) എക്സൈസ് വകുപ്പിന്റെ വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്;

(ഇ) കേരളത്തിന്റെ നികുതി വരുമാനത്തിന്റെ സിംഹഭാഗവും ലഭിക്കുന്നത് മദ്യവിൽപനയിലൂടെയാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(എഫ്) മദ്യപൻമാരുടെ എണ്ണം കുറയ്ക്കുന്നതിനും മദ്യപാനം മൂലമുണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും പുതുതായി എന്തെല്ലാം ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**

**04.07.2012 -ലെ മറുപടിക്ക്**

**സംസ്ഥാന ബീവറേജസ് കോർപ്പറേഷന്റെ വിറ്റു വരവ്**

**4929 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന ബീവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ് നാളിതുവരെ എത്രയാണെന്നു വ്യക്തമാക്കുമോ;

(ബി) ഇതേ കാലത്ത് ബിവറേജസ് കോർപ്പറേഷനിൽ നിന്നും എത്ര താൽക്കാലിക ജീവനക്കാരെ പിരിച്ചു വിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അവരുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലത്ത് ബീവറേജസ് കോർപ്പറേഷനിൽ എത്ര താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ മാറ്റുന്നതിന് നടപടി**

**4930 ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആശുപത്രികൾക്ക് സമീപം പ്രവർത്തിക്കുന്ന ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ മാറ്റുന്നത് സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകുമോ ;

(ബി) നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് ആബിങ് ഹോസ്പിറ്റലിന് മുമ്പിൽ പ്രവർത്തിക്കുന്ന ഔട്ട്ലെറ്റ് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>മുതലമടയിലെ യുണൈറ്റഡ് ഡിസ്റ്റിലറീസ്</u>

4931 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മുതലമടയിൽ യൂണൈറ്റഡ് ഡിസ്റ്റിലറീസ് സ്ഥാപിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളോടെയാണ് അനുവാദം നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം മുതലമടയിൽ പുതുതായി അനുവദിച്ചതാണോ അതോ കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ നിന്നും മാറ്റി സ്ഥാപിക്കുന്നതാണോ;

(സി) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന യൂണൈറ്റഡ് ഡിസ്റ്റിലറി അടച്ചുപൂട്ടാനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) മുതലമടയിൽ സ്ഥാപിക്കാൻ അനുവാദം നൽകിയ യുണൈറ്റഡ് ഡിസ്റ്റിലറിയുടെ സ്ഥാപിതശേഷി കോഴിക്കോട് ജില്ലയിലെ എലത്തൂരിൽ പ്രവർത്തിച്ചിരുന്നതിൽ നിന്നും വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ അപ്രകാരം ചെയ്യാനുള്ള കാരണമെന്തായിരുന്നുവെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**അനധികൃത സ്പിരിറ്റ് തടയുന്നതിന് സംവിധാനം**

4932 ശ്രീ. എം. ചന്ദ്രൻ
,, ബി. ഡി. ദേവസ്സി
,, എം. ഹംസ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി എത്തുന്ന സ്പിരിറ്റ് തടയുന്നതിനുള്ള സംവിധാനങ്ങൾ ദുർബലമായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് അനധികൃതമായി സ്പിരിറ്റ് എത്തുന്നില്ല എന്നുറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്ത് എത്തിയ സ്പിരിറ്റ് ലോറികളിൽ എത്രയെണ്ണം പിടിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്; സ്പിരിറ്റ്കടത്തിന്റെ ഉറവിടങ്ങൾ ഏതെങ്കിലും കണ്ടെത്തിയിട്ടുണ്ടോ; ഏതെല്ലാം കേസുകളിൽ ഇനിയും കുറ്റപത്രം നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>എക്സൈസ് മോഡണൈസേഷൻ</u>**

4933

ശ്രീ. വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് മോഡണൈസേഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഞ്ച് ഓഫീസുകളിലും പുതുതായി വാഹനം അനുവദിച്ചു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനായി പുതുതായി വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വാഹനങ്ങൾക്കായി എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) വാഹനത്തോടൊപ്പം മറ്റെന്തെങ്കിലും ആധുനിക സംവിധാനങ്ങളോ ഉപകരണങ്ങളോ എക്സൈസ് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) എക്സൈസ് മോഡണൈസേഷന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ / വാഹനങ്ങൾ എന്നിവ എക്സൈസ് സേനയ്ക്ക് നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കുട്ടനാട്ടിലെ എക്സൈസ് ഷോപ്പിംഗ് കോംപ്ലക്സ്**

4934 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ എക്സൈസ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റെയിഞ്ച് ഓഫീസുകൾ**

4935

**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എക്സൈസ് റെയിഞ്ച് ഓഫീസുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പുതുതായി എക്സൈസ് റേഞ്ച് ഓഫീസുകൾ**

**4936 ശ്രീമതി കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എക്സൈസ് റേഞ്ച് ഓഫീസുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് ആരംഭിക്കുക എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിലാണ് എക്സൈസ് റേഞ്ച് ഓഫീസുകൾ ആരംഭിക്കുന്നതിന് ആവശ്യം ഉയർന്നു വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>തൊണ്ടിസാധനങ്ങൾ സൂക്ഷിക്കുന്നതിന് സംവിധാനം</u>**

**4937** **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഉദ്യോഗസ്ഥർ പിടിച്ചെടുക്കുന്ന തൊണ്ടി സാധനങ്ങൾ സൂക്ഷിക്കുന്നതിന് മതിയായ സ്ഥല സൗകര്യങ്ങൾ ഇല്ലാത്തത് മൂലം അവ നശിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അബ്കാരി കേസുകളിൽ സുപ്രധാന തെളിവുകളായി കോടതികളിൽ ഹാജരാക്കേണ്ട തൊണ്ടി സാധനങ്ങൾ ശാസ്ത്രീയമായി സൂക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?